# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാരങ്ങാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.പിറ്റിഎ.പി5-976/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/09/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാരങ്ങാനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.പിറ്റിഎ.പി5-976/23 തീയ്യതി: 30/09/2023

## പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 18-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 18-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി എ, ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ദീപ കെ എസ്, ഓഡിറ്റർ

കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മിനി സോമരാജൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി രഞ്ജിമ റ്റി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. നിഷാദ് എസ് മുഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 13-11-2022 |
| ശ്രീമതി സിന്ധുലേഖ റ്റി ജി | അസിസ്റ്റന്റ് സെക്രട്ടറി | 14-11-2022 | 31-03-2023 |
| ഡോ. ടോമി ഡേവിഡ് സി എസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 06-02-2023 |
| ഡോ. ജിഷ്ണു ജയപ്രകാശ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 07-02-2023 | 15-03-2023 |
| ഡോ. ടോമി ഡേവിഡ് സി എസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 16-03-2023 | 31-03-2023 |
| ഡോ.സഹ്‌ലാ കെ ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. ഷീബാ ജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 07-01-2023 |
| ഡോ. സ്നേഹാ ജോർജ്ജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-01-2023 | 31-03-2023 |
| ഡോ. ശ്രീകാർത്തിക തങ്കപ്പൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി രജനി വർഗ്ഗീസ് | പ്രധാനാദ്ധ്യാപിക, ജി.എൽ.പി.എസ്, കടമ്മനിട്ട | 01-04-2022 | 31-03-2023 |
| ശ്രീ. അപ്പൂസ് എസ് ബി | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനിതകുമാരി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2022 | 26-07-2022 |

| | | | |
|---|---|---|---|
| എം സി | ഓഫീസർ-1 | | |
| ശ്രീമതി ദിവ്യ സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 27-07-2022 | 11-01-2023 |
| ശ്രീമതി അനീഷ ജെ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 12-01-2023 | 31-03-2023 |
| ശ്രീമതി അനീഷ ജെ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2022 | 31-03-2023 |
| ശ്രീമതി രജനി പി കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി രേഷ്മ രമേഷ് | കൃഷി ഓഫീസർ | 01-04-2022 | 21-04-2022 |
| ശ്രീമതി കവിത എസ് | കൃഷി ഓഫീസർ | 22-04-2022 | 18-06-2022 |
| ശ്രീ. നിഖിൽ കെ | കൃഷി ഓഫീസർ | 19-06-2022 | 29-07-2022 |
| ശ്രീമതി സുചിത്ര എസ് | കൃഷി ഓഫീസർ | 30-07-2022 | 31-03-2023 |
| ശ്രീ. ജലീം എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 24-09-2022 |
| ശ്രീമതി രജനി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 25-09-2022 | 19-10-2022 |
| ശ്രീ. സജു ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-10-2022 | 31-03-2023 |
| ശ്രീമതി പ്രസന്നകുമാരി സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 10-11-2022 |
| ശ്രീമതി ജിൻസി ബാബു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-11-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-5 |
| 7 | ഗുണഭോക്തൃ വിഹിതം ബാലൻസ് കൃത്യമല്ല | 1-1-6 |
| 8 | ബഡ്ജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | നികുതി ഓഡിററ്-വിശദാംശങ്ങളും വിലയിരുത്തലും | 1-11 |
| 18 | അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചില്ല | 1-12 |
| 19 | വസ്തു നികുതി നിർണ്ണയം - മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചുള്ള തറ നിർമ്മിതിയ്ക്ക് നികുതി വർദ്ധനവ് വരുത്തിയില്ല | 1-13 |
| 20 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കണം. | 1-14 |
| 21 | റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല. | 1-15 |
| 22 | മരുന്ന് വാങ്ങൽ- ആവശ്യാനുസരണം മരുന്നു ലഭ്യമായിട്ടില്ല. | 1-16 |
| 23 | ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തത-വാടക ഒടുക്കിയിട്ടില്ല. | 1-17 |
| 24 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല | 1-18 |
| 25 | പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്ട്സുകൾ അംഗീകരിക്കാൻ അകാരണമായ കാലതാമസം | 1-19 |
| 26 | സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് | 1-20 |

| | | |
|---|---|---|
| | നടപടി സ്വീകരിക്കേണ്ടതാണ്. | |
| 27 | ഫോറം 7 A ക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല. | 1-21 |
| 28 | ഹോമിയോ മരുന്ന വാങ്ങൽ -മരുന്ന ലഭ്യമായിട്ടില്ല. | 1-22 |
| 29 | ദുരിതാശ്വാസ നിധി രൂപീകരണം | 1-23 |
| 30 | എസ്.എസ്.കെയ്ക്ക് വിഹിതം അടവാക്കൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തമില്ല. | 1-24 |
| 31 | കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ് | 1-25 |
| 32 | പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടരുന്നു | 1-26 |
| 33 | ആശ്രിതർ അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് | 1-27 |
| 34 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-28 |
| 35 | കുടുംബ ആരോഗ്യ കേന്ദ്രം - ഒ.പി സമയക്രമം പാലിക്കുന്നില്ല | 1-29 |
| 36 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല | 1-30 |
| 37 | അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-31 |
| 38 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 39 | പണിതീരാത്ത പകൽവീട് - 5.94ലക്ഷം രൂപ പാഴായി | 1-33 |
| 40 | നിർമ്മാണം പൂർത്തിയാക്കിയ ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങൾ തുറന്ന പ്രവർത്തിപ്പിക്കുന്നില്ല | 1-34 |
| 41 | മരാമത്ത് പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ | 1-35 |
| 42 | സ്പിൽ ഓവർ പ്രോജക്ടുകൾ ഉപേക്ഷിച്ചു | 1-36 |
| 43 | പഞ്ചായത്ത് ഡിസ്പെൻസറിയുടെ പ്രവർത്തനം - മുൻവർഷത്തെ ഓഡിറ്റ് പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല | 1-37 |
| 44 | സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.7.2023 ലെ 4(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 27.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ നിരീക്ഷണങ്ങൾക്ക് വിധേയമായി, തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ
30.09.23

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ കാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരുമാനം സംബന്ധിച്ച് ഡിമാന്റ് എൻട്രികൾ സമയത്ത് രേഖപ്പെടുത്തിയിട്ടില്ല.

### 1-1-5 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-11(ബി) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസിന്റെ കൃത്യത ബന്ധപ്പെട്ട രേഖകളുമായി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ല.

### 1-1-6 ഗുണഭോക്തൃ വിഹിതം ബാലൻസ് കൃത്യമല്ല

ഷെഡ്യൂൾ ബി-4-ൽ ഗുണഭോക്തൃ വിഹിതമിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് കൃത്യമല്ല.

## 1-2 ബഡ്ജറ്റ്

14943920/- രൂപ മുന്നിരിപ്പും 91890800/- രൂപ വരവും 102024000/- രൂപ ചെലവും 4810720/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 22.3.2022-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.3.2023-ലെ 3(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | Receipt & Payment Statement പ്രകാരം | Income & Expenditure Statement പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12527205/- | |
| വരവ് | 28497001/- | 77585788/- |
| ആകെ | 41024206/- | 77585788/- |
| ചെലവ് | 29038744/- | 82370701/- |
| നീക്കിയിരിപ്പ് | 11985462/- | |

## 1-4 ഗ്രാന്റ് വിനിയോഗം

| *ഗ്രാന്റ്* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്/ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12048000 | 12048000 | 10489321 | 1558679 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 5576000 | 5576000 | 4937752 | 638248 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 140000 | 140000 | 135349 | 4651 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 1643215 | 5125631 | 6768846 | 2079324 | 1647894 (ലാപ്സായത്) + 3041628 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 416039 | 2219961 | 2636000 | 2004977 | 631023 |
| 3സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9244000 | 9244000 | 6797033 | 2446967 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 3337230 | 1232770 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 3150 | 85 | 3235 | - | 3235 |
| പശ്ചിമ ഘട്ട വികസന പരിപാടി | 7778 | 212 | 7990 | - | 7990 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1760710 | 1061214 | 2821924 | 170289 | 2651635 |
| നിർമ്മൽ പുരസ്കാരം | 388218 | - | 388218 | - | 388218 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 1050175 | - | 1050175 | - | 1050175 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 832200/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 525132/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 491108/- രൂപ വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 83698/- രൂപ വികസന ഫണ്ട് (റ്റി.എസ്.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 228 | 60030313 | 182 | 34907555 | 46 | 57.81 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* |
|---|---|---|---|---|
| സെക്രട്ടറി | 52 | 48 | 11481789 | 7749257 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 1733666 | 1118359 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 102 | 70 | 20037352 | 11392478 |
| കൃഷി ഓഫീസർ | 10 | 9 | 2551900 | 1346960 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2 | 19 | 13 | 15181051 | 6075150 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 3406508 | 2339600 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 7 | 6 | 1676447 | 1502542 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 580000 | 575963 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 |
| പ്രഥമദ്ധ്യാപിക, ജി.ഡബ്ല്യൂ.എൽ.പി.എസ് | 5 | 5 | 600000 | 573360 |
| വെറ്ററിനറി സർജൻ | 7 | 7 | 1991600 | 1467886 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 550000 | 550000 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 40000 | 16000 |
| ആകെ | 228 | 182 | 60030313 | 34907555 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14832 | 461870 | 476702 | 474723 | 1979 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 8712115 | 8712115 | 8712115 | - |
| ആകെ | 14832 | 9173985 | 9188817 | 9186838 | 1979 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1692 | 18465000 |
| വിധവാ പെൻഷൻ | 568 | 6096400 |
| കർഷക തൊഴിലാളി പെൻഷൻ | 199 | 2268400 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 260 | 2787400 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 145600 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.9.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3195/- (മൂവായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിയഞ്ച്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനപങ്കാളിത്തം കുറവാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും മിനിട്ട്സുകൾ സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. താരതമ്യേന തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങൾ ഒന്നും ചർച്ച ചെയ്യപ്പെടുന്നില്ല.

പഞ്ചായത്തിന്റെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവ ർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ നടത്തിപ്പിൽ പഞ്ചായത്ത് ഭരണസമിതിയും അരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ജാഗ്രത പാലിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകൾ പഞ്ചായത്ത് ഭരണസമിതിയോ ഗ്രാമസഭകളോ ചർച്ച ചെയ്യുന്നില്ല. ഇത് കാരണം

റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള അപാകതകൾ/ പാളിച്ചകൾക്ക് പരിഹാരം കണ്ടെത്തുകയോ, ആവർത്തിക്കാതിരിക്കാൻ നടപടികളോ സ്വീകരിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.6.2022 | 1/2022 മുതൽ 3/2022 വരെ | 13.7.2022 |
| പെർഫോമൻസ് ഓഡിറ്റ് | 18.1.2018 | 2012-13 മുതൽ 2016-17 വരെ | 20.3.2018 |

## 1-11 നികുതി ഓഡിററ്-വിശദാംശങ്ങളും വിലയിരുത്തലും

ഗ്രാമപഞ്ചായത്തിന് തനതു വരുമാനം കുറവാണ്. എന്നിരുന്നാലും ഗ്രാമപഞ്ചായത്തിൽ നികുതി- നികുതിയേതര വരുമാന സ്രോതസുകൾ ഫലപ്രദമായി സ്വരൂപിക്കുന്നില്ല. സർക്കാർ ഗ്രാന്റുകൾ, വസ്തു നികുതി, തൊഴിൽ നികുതി,സേവന നികുതി എന്നീ നികുതികളും, ലൈസൻസ് ഫീ, പെർമിററ് ഫീ, രജിസ്ട്രേഷൻ ഫീ, വാടക, മാർക്കററ് വരവ്, പിഴ, നിക്ഷേപങ്ങളിൽ നിന്നുളള വരവുകൾ , മററു വരവുകൾ തുടങ്ങിയ നികുതിയേതര വരവുകളുമാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട വരുമാന സ്രോതസുകൾ.

വിവിധ തനത് വരവുകളുടെ ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ വാർഷിക കണക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|---|
| 1 | വസ്തുനികുതി | 4899909 | 3690197 | 75.31% |
| 5 | വാടക | 44987 | 500 | 1.11% |
| 7 | തൊഴിൽ നികുതി | 1127710 | 823520 | 73.02% |
| 8 | ലൈസൻസ് ഫീസ് | 85700 | 71100 | 82.96% |

ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയുടെ കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല. വാടക ഇനത്തിലും കുടിശ്ശിക നിലനില്ക്കുന്നു. ഇത് ഈടാക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതി.

തദ്ദേശ സ്വയംഭരണ(ആർസി) വകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)നം. 77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ നികുതി നിരക്കുകളുടെ കരട് വിജ്ഞാപനം 31.5.23 ലും അന്തിമ വിജ്ഞാപനം 25.7.23 ലുമാണ് നടപ്പിലാക്കിയത്. പുതിയ വിജ്ഞാന പ്രകാരം മേഖല വിഭജനത്തിന് മാറ്റമില്ല. പുതുക്കിയ നിരക്കുകൾ പ്രകാരം സേവന നികുതി 10% ഈടാക്കിയിട്ടുള്ളതാണ്. വസ്തു നികുതി കണക്കുകളുമായി ബന്ധപ്പെട്ട് സഞ്ചയയും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങളും, നിലവിലുള്ള കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകളും വ്യാപകമായി നടന്നുവരുന്നുണ്ട്. അവ കണ്ടെത്തുന്നതിനും നികുതി ഈടാക്കുന്നതിനും യാതൊരു നടപടികളും സ്വീകരിച്ചു വരുന്നില്ല. ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ UA രജിസ്റ്റർ പ്രകാരം 4 കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ അവശേഷിക്കുന്നുണ്ട്. ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ , അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള അനധികൃത കെട്ടിടങ്ങൾക്ക് നികുതി

നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്യാത്തതു മൂലം വരുമാന നഷ്ടമുണ്ടാകുന്നു. തനത് വരവുകൾ സമാഹരിക്കുന്നതിലുണ്ടായ അപാകതകൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേക പരാമർശങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ തനതുവരുമാന മേഖല സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയവ സമാഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും ബജററിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും സാമ്പത്തിക വർഷാവസാനത്തിൽ കുടിശ്ശിക അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-12 അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ UA നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച 6 കെട്ടിടങ്ങളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | U/A നം | നിർണ്ണയിച്ച നികുതി |
|---|---|---|
| ശ്രീമതി രേഖ | UA 1/A (2015) | 366 |
| ശ്രീ സുരേഷ് കുമാർ | UA 198/A (2015) | 2112 |
| ശ്രീ ഷാജി വർഗ്ഗീസ് | UA 1/A (2014) | 1527 |
| ചെയർമാൻ, മൌണ്ട് സിയോൻ എഞ്ചിനീയറിംഗ് കോളജ് | UA 91/UA1 (2010) | 129576 |
| ശ്രീ പ്രകാശ് | UA 1/A (2012) | 495 |
| ശ്രീ ഗോപി | UA 187/B (2016) | 264 |

31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018 (SRO No.96/2018;15.02.2018) പ്രകാരമുള്ള ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കി നിയമാനുസൃത നിർമ്മാണമാക്കിമാറ്റാൻ സാധിക്കുന്നതാണ്.

അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി (16/16.09.2023) മുഖേന സെക്രട്ടറിയോട് ആരാഞ്ഞു. കേരള പഞ്ചായത്ത് രാജ് നിയമം 220 (ബി) വകുപ്പിന്റെ ലംഘനം ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാതിരുന്നതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിർണ്ണയം - മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചുള്ള തറ നിർമ്മിതിയ്ക്ക് നികുതി വർദ്ധനവ് വരുത്തിയില്ല

മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് തറ നിർമ്മിച്ചിട്ടുള്ള, 250 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6ന്റെ ആറാം പട്ടികയിൽ പറയും പ്രകാരം അടിസ്ഥാന വസ്തുനികുതിയിന്മേൽ 15ശതമാനം വർദ്ധനവ് ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ 250ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള, ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് ഇപ്രകാരം നികുതി നിർണ്ണയിച്ചപ്പോൾ കുറഞ്ഞതരം നിർമ്മാണ വസ്തുക്കൾ (സിമന്റ്, റെഡ് ഓക്സൈഡ്, തറയോട്) ഉപയോഗിച്ചതായി കണക്കാക്കി നികുതി വർദ്ധനവിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | കെട്ടിട നം./ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | XII/255A ശ്രീ റോയ് മാമ്മൻ | പാർപ്പിടം | 265.27 |
| 2 | XIII/283A ശ്രീ ജോജി വർഗ്ഗീസ് | പാർപ്പിടം | 290.09 |
| 3 | XII/46A ശ്രീ ഷിബു എം ജേക്കബ് | പാർപ്പിടം | 280.25 |

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പുനഃപരിശോധിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കണം.

1. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ നിരവധി സ്ഥാപനങ്ങളിൽ ദിവസ/മാസ ശമ്പളത്തിന് ജോലിയിലേർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ നിരവധി സ്ഥാപനങ്ങളിൽ ജീവനക്കാർ ദിവസ/മാസ ശമ്പളത്തിന് ജോലിയിലേർപ്പെട്ടിരിക്കുന്നതായി, 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകളിൽ സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ചുള്ള ആഡിറ്റ് ഖണ്ഡിക (1-13)ൽ പരാമർശിച്ചിരുന്നു.ടി. പരാമർശത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിശദാംശങ്ങൾ ആരാഞ്ഞ് നല്കിയ ആഡിറ്റ് അന്വേഷണത്തിന് (നം-13/തീയതി16.9.23) ആറ് സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഒടുക്കിയിട്ടുള്ളതും മറ്റുള്ള സ്ഥാപന ഉടമകൾക്ക് ജീവനക്കാരരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് അറിയിപ്പ് നല്കിയിട്ടുള്ളതുമാണെന്നുമുള്ള മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത് .അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഗുരുപൂജ വെൽഡിംഗ് വർക്ക് ഷോപ്പ് |
| 2 | മഡോണ കേറ്ററിംഗ് |
| 3 | ചൈതന്യ തയ്യൽ യൂണിറ്റ് |
| 4 | ശ്രീകാന്ത് ഇൻഡസ്ട്രീസ് |
| 5 | ഷാജീസ് ഇൻഡസ്ട്രീസ് |
| 6 | തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് |
| 7 | നന്ദനം ജനറൽ സ്റ്റോഴ്സ്. |
| 8 | Safe And Care Enginnering. |
| 9 | ക്ഷീരസംഘം, കടമ്മനിട്ട. |
| 10 | വി.പി .ട്രേഡേഴ്സ്. |
| 11 | അബ്രൂസ് ഡിജിറ്റൽ സ്റ്റുഡിയോ. |
| 12 | കാട്ടുങ്കൽ ഓട്ടോ വർക്ക് ഷോപ്പ്. |
| 13 | സാവ്റി ഫുഡ് ആൻഡ് സ്പൈസസ്. |
| 14 | SCB നാരങ്ങാനം വളംഡിപ്പോ, പെരിഞ്ഞോലിപ്പടി. |
| 15 | SCB നാരങ്ങാനം വളംഡിപ്പോ, നാരങ്ങാനം. |
| 16 | ACA കോ ഓപ്പറേറ്റീവ് സ്റ്റോർ. |
| 17 | ഗ്രേസ് കാറ്ററിംഗ് |
| 18 | വല്യതറയിൽ ഏജൻസീസ്. |
| 19 | ക്യൂ മേറ്റ് പ്രോഡക്ട്സ് - ചപ്പാത്തി നിർമ്മാണം |
| 20 | മൾബറി കാറ്ററിംഗ് |
| 21 | സെന്റ് മേരീസ് സോളിഡ് ഹോളോ ബ്ലോക്ക് |
| 22 | കാലായിൽ റിജ ഫർണിച്ചർ |
| 23 | ആവേ മറിയ കാൻഡിൽസ് |
| 24 | Delivery Private Ltd |
| 25 | ഗ്യാലക്സി ഓട്ടോമൊബൈൽ സ്പെയർ പാർട്ട്സ് |
| 26 | മറിയം സൂപ്പർമാർക്കറ്റ് |

| | |
|---|---|
| 27 | De Metals |
| 28 | മേലേതറയിൽ ഫെൻസിംഗ് |
| 29 | ഷിജു ഫുഡ്സ് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഒടുക്കി വിശദാംശം ആഡിററിൽ ലഭ്യാക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തി നടത്തിയ കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല

2022-23 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ, താഴെപ്പറയുന്ന കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല.

1. ശ്രീ രാജേഷ് കുമാർ. ആർ.

2. ശ്രീ അജിമോൻ.കെ.

3. ശ്രീ കെ.കെ. വിജയൻ.

4. ശ്രീ ഫിലിപ്പ്. കെ.ജെ.

5. ശ്രീ ഹരിഹരൻ. എം.

6. ശ്രീ ജോസഫ് ഫിലിപ്പ്.

7. ശ്രീ പി.എ.ഫിലിപ്പ്.

8. ശ്രീ മജോ ജോസഫ്.

9. ശ്രീ അബ്ദുൾ വഹാബ്.

10. ശ്രീ ബാലചന്ദ്രൻ നായർ .എം.വി.

11. ശ്രീ ജോബിറ്റ് ജോയ്.

12. ശ്രീ ജിബി .എം .മാത്യു.

13. ശ്രീ എബ്രഹാം തോമസ്.

14. ശ്രീ വിജയൻ കാവുങ്കൽ.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ കരാറുകാരിൽ നിന്ന് നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതും ഇവർ മറേറതെങ്കിലും പഞ്ചായത്തിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ വ്യാപാരികളുടെ തൊഴിൽനികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായം നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽസപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.201)അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 13 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്.ടി.റേഷൻകടകളിൽ അവശേഷിക്കുന്ന 7 റേഷൻകടകളിൽ നിന്നും ലൈസൻസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത്ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മരുന്ന് വാങ്ങൽ- ആവശ്യാനുസരണം മരുന്നു ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന് വിവരം ചുവടെ ചേർക്കുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രോജക്ട് നം./പേര് | കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക/ ബിൽ നമ്പർ- തീയതി | പെർഫോർമ ഇൻവോയ്സ് നമ്പർ | ലഭ്യമായ മരുന്ന് (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| 53/22-23-സാന്ത്വന പരിചരണം | 150000ബിൽനം5/23dt9.1.23<br>150000ബിൽ നം6/23dt9.2.23<br>40250ബിൽ നം12/23dt13.13.23 | PRF 3190<br>PRF 2700<br>PRF 3673 | 106646<br>-<br>- | 43354<br>150000<br>40250 |
| 54/22-23പി.എച്ച്സി.ലേയ്ക്ക് മരുന്നും ഉപകരണങ്ങളുംവാങ്ങൽ | 150000ബിൽ നം8/23dt13.13.23 | PRF 4135 | 21863 | 128137 |
| 210/22-23എം ജി.എസ്.ഡിസ്പെൻസറിക്ക്ഫർണിച്ചർ വാങ്ങൽ | 200000ബിൽ നം1/23dt13.13.23 | PRF2200 | 107405 | 92595 |
| | | | ആകെ തുക | 4,54,336 |

മുൻകൂർ നൽകിയ തുകയ്ക്ക് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന ഉപകരണങ്ങളും മരുന്നും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തത-വാടക ഒടുക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പബ്ളിക്ക് മാർക്കററിലെ അഞ്ചാം നംപർ കടമുറി 8.4.22ലെ 3(1) തീരുമാന പ്രകാരം ശ്രീ.അനീഷ് കുമാർ കാലായിൽ,കടമ്മനിട്ടയ്ക്ക് നൽകിയിട്ടുള്ളതാണ്.എന്നാൽ 2022-23 വർഷത്തെ വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല. വാടകക്കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത കടമുറിയിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കടമുറികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കാതിരുന്നത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തെ പോരായ്മയായി വിലയിരുത്തുന്നു. ആവശ്യമായ വർക്കുകൾ ചെയ്ത് കടമുറി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല

2018-19 സാമ്പത്തികവർഷം മുതൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഈ തുക നാളിതുവരെ തിരികെ വാങ്ങി പഞ്ചായത്തിന്റെ തനതുഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. 142337രൂപയാണ് ഇപ്രകാരം തിരികെ ലഭിക്കാനുള്ളത്.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ-യിൽ പ്രത്യേകം അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017-ലെ ഡി.ബി.1-7942/2010/സി.ഇ./തസ്വഭവ നമ്പർ സർക്കുലർ). ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ നാരങ്ങാനം എസ്.ബി.ഐ.യിൽ കറന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 20.03.2023ൽ 344047രൂപ നീക്കിയിരിപ്പുണ്ട്. പലിശ ലഭിക്കാത്തതിനാൽ ഈ അക്കൗണ്ടിൽ മിനിമം ബാലൻസ് തുക നിലനിർത്തി, ബാക്കി തുക തുക പഞ്ചായത്തിലെ തനതുഫണ്ടിലേക്ക് മാറ്റുന്നത് അഭികാമ്യമായിരിക്കും.

## 1-19 പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്ട്സുകൾ അംഗീകരിക്കാൻ അകാരണമായ കാലതാമസം

പഞ്ചായത്ത് ഭരണസമിതിയുടെ (ജനറൽ കമ്മിറ്റിയുടെ) തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുന്നത് സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ പശ്ചാത്തലത്തിൽ സകർമ്മ സോഫ്റ്റ്‌വെയർ മുഖേനയാക്കിയിട്ടുണ്ട്. നാരങ്ങാനം ഗ്രാമപഞ്ചായത്തിൽ 30.8.2017 മുതൽ സകർമ്മയിലാണ് ജനറൽ കമ്മിറ്റി മിനിട്ട്സ്

രേഖപ്പെടുത്തുന്നത്. 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) 26(8) ചട്ടം പ്രകാരം പഞ്ചായത്ത് പാസ്സാക്കിയ തീരുമാനങ്ങളും പ്രമേയങ്ങളുമായ നടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ചട്ടം 26(9) പ്രകാരം മേൽ സൂചിപ്പിച്ച അദ്ധ്യക്ഷന് ലഭിച്ച് നക്കൽ 24 മണിക്കൂറിനുള്ളിൽ പരിശോധിച്ച് വസ്തുതപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന യോഗനടപടിക്കുറിപ്പ് സെക്രട്ടറി മിനിട്ട്സായി രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം എന്ന് ചട്ടം 26(10)-ൽ പറയുന്നുണ്ട്. എന്നാൽ, ഓഡിറ്റ് വർഷം ജനറൽ കമ്മിറ്റി മിനിട്ട്സ് അംഗീകരിക്കുന്നതിന് അനാവശ്യമായ കാലതാമസം ഉണ്ടായിട്ടുണ്ട്.

| *ഭരണസമിതി യോഗം കൂടിയത്* | *സെക്രട്ടറി അംഗീകാരത്തിനായി മിനിട്ട്സ് അയച്ചത്* | *അദ്ധ്യക്ഷൻ മിനിട്ട്സ് അംഗീകരിച്ചത്* |
|---|---|---|
| 1.10.2022 | 1.12.2022 | 1.12.2022 |
| 10.10.2022 | 27.10.2023 | 27.10.2023 |
| 15.10.2022 | 26.10.2022 | 26.10.2022 |
| 26.10.2022 | 1.12.2022 | 1.12.2022 |
| 11.11.2022 | 30.11.2022 | 30.11.2022 |
| 30.11.2022 | 14.3.2023 | 14.3.2023 |
| 13.12.2022 | 2.2.2023 | 2.2.2023 |
| 27.12.2022 | 3.2.2023 | 3.2.2023 |
| 11.1.2023 | 3.2.2023 | 3.2.2023 |
| 28.1.2023 | 31.3.2023 | 31.3.2023 |
| 17.2.2023 | 1.4.2023 | 1.4.2023 |
| 27.2.2023 | 31.3.2023 | 31.3.2023 |
| 7.3.2023 | 19.4.2023 | 19.4.2023 |
| 17.3.2023 | 9.6.2023 | 9.6.2023 |
| 21.3.2023 | 19.5.2023 | 19.5.2023 |
| 22.3.2023 | 19.5.2023 | 19.5.2023 |

മേൽ വിവരങ്ങൾ പരിശോധിച്ചാൽ മിനിട്ട്സ് അംഗീകരിക്കാൻ രണ്ടരമാസം വരെയുള്ള കാലതാമസം ഉണ്ടായിട്ടുണ്ട്. അടുത്ത് പഞ്ചായത്ത് യോഗം ചേരുന്നതിന് മുൻപ് മുൻ കമ്മിറ്റിയുടെ മിനിട്ട്സ് പ്രസിഡന്റ്/ അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടില്ല. ചില സന്ദർഭങ്ങളിൽ യോഗത്തിന്റെ മിനിട്ട്സ് അതിന് ശേഷം കൂടിയ യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ച് കഴിഞ്ഞാണ് അംഗീകരിച്ചിട്ടുള്ളത്. ഉദാഹരണത്തിന് 30.11.2022-ലെ യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ചത് 14.3.2023-ലാണെങ്കിൽ 27.12.2022, 11.1.2023 ദിവസങ്ങളിലെ യോഗത്തിന്റെ മിനിട്ട്സ് 3.2.2023-ൽ തന്നെ അംഗീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/11.9.2023) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി മിനിട്ട്സ് സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തണം. അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് 28/05/22 ലെ സ.ഉ.കൈ. 115/22/ത സ്വ ഭ വ(7.8.8) നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ഫോറം 7 A ക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല.

2011 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ഫോറം 7 A ക്യാഷ് ബുക്കിൽ എല്ലാ സ്രോതസ്സിൽ നിന്നുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന നിർവഹണ ഉദ്യോഗസ്ഥർ അത്തരത്തിലുള്ള ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിച്ചിട്ടില്ല.

1.മെഡിക്കൽ ഓഫീസർ (CHC)

2.കൃഷി ഓഫീസർ.

3.മെഡിക്കൽ ഓഫീസർ (പഞ്ചായത്ത് ഡിസ്പെൻസറി)

സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

## 1-22 ഹോമിയോ മരുന്ന വാങ്ങൽ -മരുന്ന ലഭ്യമായിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നേരിട്ട് നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ പദ്ധതിയിൽ ( പദ്ധതി നം - 55/22-23) മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും അനുവദിച്ച 2,00,000 രൂപ( ബിൽ നം.01/22-23 തീയതി 10-10-22) കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ 1,65,692 രൂപയുടെ മരുന്ന ലഭ്യമായിട്ടില്ല. അടിയന്തരമായി മരുന്ന ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ആഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-23 ദുരിതാശ്വാസ നിധി രൂപീകരണം

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും, ഗ്രാമപഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വസ നിധി രൂപീകരിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം 3(4) പ്രകാരം നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചതിന്റെ രേഖകളോ, ആയതിൽ നിന്നുള്ള വരവ് ചെലവ് വിവരങ്ങളോ പരിശോധനക്ക് ലഭ്യമായിട്ടില്ല. പ്രകൃതി ക്ഷോഭങ്ങളുടെ ഇക്കാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രസക്തിയുണ്ട്. ദുരിതാശ്വാസ നിധി രൂപീകരിക്കുമ്പോൾ ചട്ടം 4 ഉപചട്ടം2 പ്രകാരം ദുരിതാശ്വാസ നിധിക്ക്

ഒരു പ്രസിഡന്റും, സെക്രട്ടറിയും, ഗ്രാമപഞ്ചായത്തിലെ ഒരംഗവും ഉൾപ്പെടുന്ന സബ് കമ്മിററി രൂപീകരിക്കേണ്ടതും കമ്മററി ചെയർമാൻ പ്രസിഡന്റും, കൺവീനർ സെക്രട്ടറിയും ആയിരിക്കേണ്ടതുമാണ്. നിധിയിലേക്ക് നൽകുന്ന സംഭാവനകൾക്ക് സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീതു നൽകേണ്ടതും അത് അച്ചടിച്ച ഫോറത്തിലായിരിക്കേണ്ടതുമാണ്. നിധിയെ സംബന്ധിച്ച വരവ്-ചിലവു കണക്കുകൾ ഒരു ക്യാഷ് ബുക്കിലെഴുതേണ്ടതും വിശദാംശം രേഖപ്പെടുത്തുന്നതിന് ഒരു രജിസ്ററും, സബ്കമ്മിററി യോഗനടപടികൾക്ക് മിനിറ്റ്സും എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-24 എസ്.എസ്.കെയ്ക്ക് വിഹിതം അടവാക്കൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തമില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ എസ്.എസ്.കെ യ്ക്ക് വിഹിതം അടവാക്കൽ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|
| 39/23 | 200000(വികസന ഫണ്ട്-പൊതു വിഭാഗം- വിഹിതം-സാധാരണ വിഹിതം. | 200000 | 1/30.8.22 |
| 40/23 | 150000(വികസന ഫണ്ട്-S.C.P) | 150000 | 2/30.8.22 |

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.കെ ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.84/2022ത.സ്വ.ഭ.വ. തി. 19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക4.6(3) ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം പ്രൊജക്ട് രൂപീകരണത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്. കെ. മുഖേന നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, വിശദമായ വിനിയോഗ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിലെ വികസന പ്രവർത്തനങ്ങളിൽ ഗ്രാമ പഞ്ചായത്ത് അധികൃതരുടെയും, ഭാരവാഹികളുടെയും സുദൃഢമായ പങ്ക് ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്

19-04-22 ലെ സ ഉ(കൈ)നം 84/2022/ ത സ്വ ഭ വ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ 7.3 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി, ജന പ്രകൃതി, സമ്പദ് വ്യവസ്ഥ എന്നിവ സംബന്ധിച്ച പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനം മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ, ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2).
ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കൽ, കാർബൺ ബഹിർഗമനം കുറയ്ക്കൽ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3). പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്. 22 -23 വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ് (7.3.4). ഇപ്രകാരമൊരു കരാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.3/11.09.2023) മറുപടിയായി 2022-23 സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ മണ്ണിടിച്ചിലിൽ ഉള്ള പ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് പ്രോജക്ടിൽ തുക വകയിരുത്തുകയും നടപ്പിലാക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. കിലയുമായി ബന്ധപ്പെട്ട് പ്രാദേശിക കർമ്മ പദ്ധതിയുടെ നടത്തിപ്പിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടരുന്നു

പെൻഷൻ വിതരണം നടത്തുന്ന സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കണമെന്നും 23.09.2020-ലെ സ.ഉ.(എം.എസ്.) നം.97/2020/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പെൻഷൻ അവർ മരണപ്പെട്ടതിന് ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തിയിട്ടുള്ളതാണ്. ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കളുടെ അവകാശികൾക്കാണ് ഇത്തരത്തിൽ അനർഹമായി തുക ലഭിച്ചത്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിനെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്. പരിശോധനയിൽ വ്യക്തമായ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേരും വിലാസവും | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | ആധാർ നം | മരണപ്പെട്ട തീയതി |
|---|---|---|---|---|---|
| 1. | റേച്ചൽ മാത്യു 3/450, കരിംപ്ലാവേലിൽ, നാരങ്ങാനം | 103960200207 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | 536471389340 | 18-08-2022 |

| | | | | | |
|---|---|---|---|---|---|
| 2. | ഭാസ്കരൻ റ്റി കെ<br>10 /129, തുക്കനാൽ, കടമ്മനിട്ട | 103960400217 | വികലാംഗ പെൻഷൻ | 954103615367 | 26-08-2022 |
| 3. | കുഞ്ഞമ്മ ജോയ്<br>8/294, പുളിമൂട്ടിൽ, ഓലിച്ചിറയ്ക്കൽ, കടമ്മനിട്ട | 103960201297 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | 436540693474 | 22-08-2022 |
| 4. | കുഞ്ഞൂഞ്ഞമ്മ വർഗീസ്<br>1/68, കരിക്കൽ മേമുറി<br>നാരങ്ങാനം | 103960600472 | വിധവാ പെൻഷൻ | 820671223594 | 17-05-2023 |
| 5. | ശിവൻ കുട്ടി കെ എൻ<br>3/175, കുറവൻ പറമ്പിൽ, താരഭാഗം, നാരങ്ങാനം നോർത്ത് | 103960201079 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | 452194255711 | 05-06-2023 |
| 6. | സോമൻ ആർ,<br>11/23 , നെടുമണ്ണിൽ പുത്തൻ വീട്, തോന്ന്യാമല | 103960200837 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | 449831190808 | 13.03.2023 |

(മേൽ കൊടുത്തിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തിയതിനുശേഷം മാത്രം ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചയ്ക്ക് ഓഡിറ്റിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല )

മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാഞ്ഞത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം. 17/16.09.2023) നല്കിയിരുന്നു. ഇതിനെ തുടർന്ന് മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ പെൻഷൻ സേവന ഡാറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്തതായും പെൻഷണർ മരണപ്പെട്ട ശേഷവും അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ട തുക ആശ്രിതരിൽ നിന്നും ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ തുക അനന്താരാവകാശികളിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ആശ്രിതർ അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷവും അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക അനന്തരാവകാശികളിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കവരുത്തുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിച്ചിട്ടില്ല. ഇപ്രകാരം അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ട തുക 36 ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽ നിന്നാണ് തിരികെ ഈടാക്കേണ്ടത്. അനർഹമായി കൈപ്പറ്റിയ പെൻഷൻ ഏകദേശം 548700/- രൂപയാണ്. ടി തുക തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 1-18ൽ സൂചിപ്പിച്ചിരുന്നെങ്കിലും തുടർ നടപടി സ്വീകരിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/16.9.2023) മറുപടിയായി ഗുണഭോക്താക്കളുടെ അനന്തരാവകാശികൾക്ക് കത്ത് നല്കിയതായും ഒരു ഗുണഭോക്താവിന്റെ (സ്കറിയശാമുവേൽ, മാവുങ്കൽ,നാരങ്ങാനം) അനന്തരാവകാശികൾ മാത്രമാണ് അനർഹമായി കൈപ്പറ്റിയ തുക (20800/-)

ഒടുക്കുവരുത്തിയിട്ടുള്ളതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സക്രിയമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് വ്യക്തമാണ്. തുക തിരികെ ഈടാക്കുന്നതിന് വകുപ്പ് തലത്തിലുള്ള തുടർ നടപടിയ്ക്ക് ശുപാർശ ചെയ്യുന്നു.

## 1-28 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

ഓഡിറ്റ് വർഷം വിവിധ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | തുക നിക്ഷേപിച്ച ഏജൻസി | തുക |
|---|---|---|---|
| 1 | താന്നിക്കൽ കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ (266/23) | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 111289/- |
| 2 | സ്ട്രീറ്റ് ലൈൻ നീട്ടൽ - പത്തനംതിട്ട ഡിവിഷൻ (279/23) | | 198594/- |
| 3 | കാലായിൽപടി പാന്തൻപാറ സഖാവ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ (263/23) | | 80000/- |
| 4 | വാഴക്കുന്നം കടമ്മനിട്ട സ്ട്രീറ്റ് ലൈൻ നീട്ടൽ (265/23) | | 100000/- |
| 5 | സ്ട്രീറ്റ് ലൈൻ നീട്ടൽ - വാർഡ് 2 (276/23) | | 291210/- |
| 6 | സ്ട്രീറ്റ് ലൈൻ നീട്ടൽ - കോഴഞ്ചേരി ഡിവിഷൻ (278/23) | | 296878/- |
| 7 | സ്ട്രീറ്റ് ലൈൻ നീട്ടൽ - വാർഡ് 3 (277/23) | | 186808/- |
| 8 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (223/23) | | 49914/- |
| 9 | മുളന്തറ ലക്ഷംവീട് കോളനിയിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ (198/23) | | 74930/- |
| 10 | വാഴക്കുന്നം കടമ്മനിട്ട സ്ട്രീറ്റ് മെയിൻ നീട്ടൽ (238/23) | | 100000/- |
| 11 | മധുമല ലക്ഷം വീട് കോളനി സ്ട്രീറ്റ് മെയിൻ നീട്ടൽ (202/23) | | 14750/- |
| 12 | മുളന്തറ തടത്തിൽ ചുട്ടിപ്പാറ സെറ്റിൽമെന്റ് കോളനി സ്ട്രീറ്റ് മെയിൻ നീട്ടൽ (199/23) | | 24898/- |
| 13 | ഋഷികേശ ക്ഷേത്രം - ഈറയക്കൽ റോഡ് പൈപ്പ്ലൈൻ നീട്ടൽ (24/23) | കേരള വാട്ടർ അതോറിറ്റി | 105075/- |
| 14 | കൃപാപുരം തളവൻമുരുപ്പ് പൈപ്പ്ലൈൻ നീട്ടൽ (25/23) | | 105623/- |
| 15 | നിരണകാലാപടി മുതുമരം കോളനി തേക്കിനേത്ത് പൈപ്പ്ലൈൻ നീട്ടൽ (31/23) | | 105623/- |
| 16 | പള്ളിപ്പടി തുണ്ടത്തിൽ ഭാഗം പൈപ്പ്ലൈൻ നീട്ടൽ (16/23) | | 106191/- |
| 17 | പറയനോലിക്കൽ കൊന്നയ്ക്കൽ ചാങ്ങയിൽ പടി പൈപ്പ്ലൈൻ നീട്ടൽ (21/23) | | 110817/- |
| 18 | കുഴിപതാലിൽ കോട്ടയ്ക്കൽ പടി പൈപ്പ്ലൈൻ നീട്ടൽ (22/23) | | 112250/- |
| 19 | ആമപ്പാറ ചാത്തുക്കാവ് പൈപ്പ്ലൈൻ നീട്ടൽ (23/23) | | 112250/- |

| | | | |
|---|---|---|---|
| 20 | പോസ്റ്റോഫീസ് പടി പുളിനിൽക്കു- ന്നതിൽ പടി പൈപ്പ്ലൈൻ നീട്ടൽ (15/23) | | 87200/- |
| 21 | കൊളഞ്ഞികൊമ്പിൽ മഠത്തുംപടി പൈപ്പ്ലൈൻ നീട്ടൽ (17/23) | | 91400/- |
| 22 | ജീരകത്തിനാൽ മാവുങ്കൽ റോഡ് പൈപ്പ്ലൈൻ നീട്ടൽ (19/23) | | 91809/- |
| 23 | കാരംവേലി പടി കോളേജ് റോഡ് പൈപ്പ്ലൈൻ നീട്ടൽ (20/23) | | 95000/- |
| 24 | കുളത്തൂർപടി പുന്നോൺ ഭാഗം പൈപ്പ്ലൈൻ നീട്ടൽ (32/23) | | 101969/- |
| 25 | ലക്ഷം വീട് കോളനി ബോർവെൽ മെയിന്റനൻസ് (27/23) | ഭൂജല വകുപ്പ് | 56000/- |
| 26 | മാർത്തോമ പള്ളിപടി ബോർവെൽ മെയിന്റനൻസ് (26/23) | | 8500/- |

പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/15.9.2023) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടിയാണ് ലഭിച്ചത്. സാമ്പത്തിക വർഷാവസാനം തുക നിക്ഷേപിക്കുന്നതാണ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കാനുള്ള കാരണം. പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 കുടുംബ ആരോഗ്യ കേന്ദ്രം - ഒ.പി സമയക്രമം പാലിക്കുന്നില്ല

പഞ്ചായത്തിന് കീഴിലുള്ള കടമ്മനിട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തെ 16.6.2018-ലെ സ.ഉ(കൈ.) 113/2018/H&FWD പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി പരിവർത്തനം ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം ആശുപത്രികളെ രോഗിസൗഹൃദ ആശുപത്രി സംരംഭക കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ വിവിധ സേവനങ്ങൾ സംബന്ധിച്ച് പാലിക്കേണ്ട സമയക്രമം ചുവടെ പറയും പ്രകാരമാണ്-

ഒ.പി

രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെയും ഉച്ചയ്ക്ക് 1.30 മുതൽ വൈകുന്നേരം 6 മണി വരെയും. ഞായറാഴ്ചകളിൽ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ.

ലബോറട്ടറി

ഒരു ലാബ് ടെക്നീഷ്യൻ മാത്രമുള്ള സാഹചര്യത്തിൽ 9 മണി മുതൽ 4 മണി വരെയും, കൂടുതൽ ലാബ് ടെക്നീഷ്യനുള്ള സാഹചര്യത്തിൽ രാവിലെ 8 മണി മുതൽ 4 മണി വരെയും.

ഫാർമസി

രാവിലെ 10 മണി മുതൽ 5 മണി വരെ.

പ്രസ്തുത സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്കുള്ള മാതൃക ജോലി സമയ വിവര പത്രിക ചുവടെ പറയും പ്രകാരമാണ്.

| ദിവസം | OP1 | OP2 | Field Activity | Weekly Off |
|---|---|---|---|---|
| തിങ്കളാഴ്ച | മെഡിക്കൽ ഓഫീസർ 1&2 | മെഡിക്കൽ ഓഫീസർ 3 | മെഡിക്കൽ ഓഫീസർ 2&3 | --- |
| ചൊവ്വാഴ്ച | മെഡിക്കൽ ഓഫീസർ 1 | മെഡിക്കൽ ഓഫീസർ 2 | മെഡിക്കൽ ഓഫീസർ 1 | മെഡിക്കൽ ഓഫീസർ 3 |
| ബുധനാഴ്ച | മെഡിക്കൽ ഓഫീസർ 1&2 | മെഡിക്കൽ ഓഫീസർ 3 | --- | --- |
| വ്യാഴാഴ്ച | മെഡിക്കൽ ഓഫീസർ | മെഡിക്കൽ | മെഡിക്കൽ ഓഫീസർ | ---- |

| | | | | |
|---|---|---|---|---|
| | 3 | ഓഫീസർ 1 | 2&3 | |
| വെള്ളിയാഴ്ച | മെഡിക്കൽ ഓഫീസർ 1 | മെഡിക്കൽ ഓഫീസർ 2 | മെഡിക്കൽ ഓഫീസർ 3 | ---- |
| ശനിയാഴ്ച | മെഡിക്കൽ ഓഫീസർ 1&2 | മെഡിക്കൽ ഓഫീസർ 3 | മെഡിക്കൽ ഓഫീസർ 2 | ---- |
| ഞായറാഴ്ച | മെഡിക്കൽ ഓഫീസർ 3 | ---- | ---- | മെഡിക്കൽ ഓഫീസർ 1&2 |

കടമ്മനിട്ട പി.എച്ച്.സി-യിൽ മൂന്ന് മെഡിക്കൽ ഓഫീസർമാർ, രണ്ട് നഴ്സിംഗ് ഓഫീസർമാർ ഒരു ഫാർമസിസ്റ്റ്, എച്ച്.എം.സി വഴി നിയമിക്കപ്പെട്ട ഒരു ലാബ് ടെകനീഷ്യനും നിലവിൽ ജോലി ചെയ്തു വരുന്നു, എങ്കിലും നാളിതുവരെയായി ഒ.പി ഉച്ചയ്ക്ക് രണ്ട് മണിവരെ മാത്രമാണ് പ്രവർത്തിച്ച് വരുന്നത്.

സർക്കാരിന്റെ പദ്ധതിയായ ആർദ്രം ദൗത്യം വഴി രോഗി സൗഹൃദ ആശുപത്രി സംരംഭം പ്രാവർത്തികമാക്കുന്നതിലേക്കാണ് പി.എച്ച്.സി കളെ എഫ്.എച്ച്.സി കളായി പരിവർത്തനം ചെയ്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് മൂന്ന് മെഡിക്കൽ ഓഫീസർമാരുടെ സേവനം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയത്. എന്നാൽ നാളിതുവരെയായി രണ്ടാം ഷിഫ്റ്റ് ഒ.പി പ്രവർത്തിക്കുന്നത് തീർത്തും ഉത്തരവാദിത്യരഹിതമായാണ്. ടി കേന്ദ്രങ്ങളുടെ നടത്തിപ്പിന് ചുമതലപ്പെട്ട പഞ്ചായത്ത് (കൈമാറികിട്ടിയ സ്ഥാപനങ്ങൾ) പ്രസ്തുത വിഷയം ഗൗരവമായി എടുക്കേണ്ടതും ഒ.പി സമയക്രമം പ്രകാരം 6 മണി വരെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 1-30 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളെയും, നിലവിലെ ആശ്രയ കുടംബങ്ങളെയും തുടർന്നും സേവനം അർഹരായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 135 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | നാളിതുവരെ ചെലവഴിച്ച തുക | തൻ വർഷം ചെലവഴിച്ച തുക | ബാക്കി ചെലവഴിക്കാനുള്ള തുക | ആനുകൂല്യം ലഭിക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | ഭക്ഷണം | 190 | 4082400 | 3799691 | - | 282709 | 135 |
| 2 | ചികിത്സ | 70 | 302400 | 6800 | - | 295600 | 70 |
| 3 | ഭൂമി വാങ്ങൽ | 3 | 600000 | - | - | 600000 | 3 |
| 4 | ഗൃഹനിർമ്മാണം | 16 | 6840000 | - | - | 6840000 | 16 |
| 5 | വീട് മെയിന്റനൻസ് | 29 | 1600000 | 50000 | - | 1550000 | 28 |
| 6 | കക്കൂസ് | 26 | 456000 | - | - | 456000 | 26 |
| 7 | കുടിവെള്ളം | 37 | 255000 | - | - | 255000 | 37 |
| 8 | വിദ്യാഭ്യാസം | 19 | 56000 | 32070 | - | 23930 | 9 |
| | ആകെ | | 14191800 | 3888561 | - | 10303239 | |

2022-23 സാമ്പത്തിക വർഷം സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ ഭക്ഷണകിറ്റ് വിതരണ പരിപാടി മാത്രമാണ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 241/23പ്രകാരം 100000/- രൂപ പദ്ധതിക്കായി നൽകിയെങ്കിലും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഇല്ലാത്തതിനാൽ ഫണ്ട് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. തൻ വർഷം ജില്ലാ മിഷനിൽ നിന്നുമുള്ള ചലഞ്ച് ഫണ്ട് ലഭിച്ചിട്ടില്ല. അഗതി രഹിത കേരളം ബാങ്ക് അക്കൗണ്ടിൽ 1230645/- രൂപ ബാക്കി നിലനിൽപുണ്ട്.

സമൂഹത്തിലെ അശരണരായ കുടുംബങ്ങളെ കൂടി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള ടി പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം പഞ്ചായത്ത് നൽകിയിട്ടില്ല. പദ്ധതിയ്ക്കായി വകയിരുത്തി ബില്ല് മാറിയ തുക പോലും പദ്ധതി നിർവ്വഹണത്തിലെ അവ്യക്തത മൂലം ചെലവഴിക്കാതിരുന്നത് പ്രസ്തുത വിഭാഗത്തിനോടുള്ള

അവഗണനായി മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതായിരുന്നു. എന്നാൽ പഞ്ചായത്ത് അത്തരം പരിഗണനകൾ നൽകുന്നില്ല. വരും വർഷങ്ങളിൽ അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അവരുടെ ആവശ്യകതയനുസരിച്ച് പ്രോജക്ടുകളിൽ മുൻഗണന നൽകി പദ്ധതി നിർവ്വഹണം നടത്താൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-31 അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 19 അംഗനവാടികൾ ഉള്ളതിൽ ആറെണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. പതിനൊന്നെണ്ണം വാടക കെട്ടിടത്തിലും രണ്ടെണ്ണം വാടകരഹിതമായ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 2 അംഗനവാടികൾക്ക്(അംഗനവാടി നം- 25, 26) സ്ഥലം ലഭ്യമായിട്ടും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ചുറ്റുമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലറ്റ് എന്നിവയില്ലാത്ത അംഗൻവാടികൾ ഉണ്ട്. പതിന്നാലാം പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്) നം.84/2022/തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 8.8.2ൽ അംഗനവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൌതിക സാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൌഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നല്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം അംഗനവാടികളുടെ അടിസ്ഥാന സൌകര്യ വികസനവുമായി ബന്ധപ്പെട്ട് പദ്ധിതികളൊന്നും തന്നെ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. അംഗനവാടികൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന "ലൈഫ്" ഭവനപദ്ധതിയുടെ പുരോഗതി വിവരങ്ങൾ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിനായി ധനസഹായത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയതും ഭവനനിർമ്മാണം പൂർത്തീകരിച്ച് ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ലൈഫ് -ജനറൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഇതുവരെ കൈപ്പറ്റിയ തുക | തുക അവസാനം കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1. | അനില സനൽ, മാമൂട്ടിൽ കിഴക്കേതിൽ, നാരങ്ങാനം | 200000 | 01.11.2021 |
| 2. | സന്ധ്യ പ്രസാദ്, ചേനംചിറ, നാരങ്ങാനം | 200000 | 18.07.2023 |

ലൈഫ് എസ്. സി. പി

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഇതുവരെ കൈപ്പറ്റിയ തുക | തുക അവസാനം കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1. | ലക്ഷ്മിക്കുട്ടി, വാലുഉണ്ടിയിൽ, നാരങ്ങാനം | 140000 | 03.10.2022 |
| 2. | സുമ കെ ബി, കുംഭംകുഴിയിൽ, അന്ത്യാളൻകാവ് | 140000 | 18.07.2023 |

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം.11/15.09.2023)നൽകിയ മറുപടിയിൽ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളെല്ലാം നിലവിൽ ഭവനനിർമ്മാണം നടത്തുന്നുണ്ടെന്നും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആനുകൂല്യം പൂർണ്ണമായും നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-33 പണിതീരാത്ത പകൽവീട് - 5.94ലക്ഷം രൂപ പാഴായി

2017-18-ൽ നിർമ്മാണം ആരംഭിച്ച പകൽവീടിന്റെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വൈദ്യുതീകരണവും വാട്ടർ കണക്ഷനുമാണ് ഇനി അവശേഷിക്കുന്നത്. പകൽവീടിനായി ചെലവഴിച്ച 594510/- രൂപ പാഴായി.

ഇതുവരെയുള്ള ചെലവ് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2018-19 | 266873 |
| 2019-20 | 74696 |
| 2021-22 | 116113 |
| 2022-23 | 136828 |
| ആകെ | 594510 |

പകൽവീട് വൈദ്യുതീകരണത്തിനായി ഒരു ലക്ഷം രൂപ വകയിരുത്തി 2022-23ൽ ആവിഷ്കരിച്ച പ്രോജക്ട് (146/2023) നടപ്പാക്കിയില്ല. കെട്ടിടം ഉപയോഗപ്പെടുത്താതെ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണെന്ന് ഭൌതിക പരിശോധനയിൽ വ്യക്തമായി. മേൽക്കൂരയിൽനിന്ന് മഴവെള്ളം ഭിത്തിയിലൂടെ കെട്ടിടത്തിനുള്ളിലേക്ക് വീഴുന്നതിനാൽ ഭിത്തി നനഞ്ഞ് കുതിർന്ന നിലയിലാണ്. വൈദ്യുതി ലഭിക്കാത്ത ടി കെട്ടിടത്തിലേക്ക് 2021-22ൽ വാങ്ങിയ വാട്ടർ പ്യൂരിഫയറും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങളും നാളിതുവരെ ഉപയോഗിച്ചിട്ടില്ല. അവയുടെ വാറന്റി നഷ്ടമായി. ഇപ്രകാരം ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പകൽവീട് പൊതുജനത്തിന് ഉപകാരപ്പെടാതെപോയി.

പകൽവീടിന്റെ അവശേഷിക്കുന്ന പ്രവൃത്തികളും, ചോർച്ച പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കി ഇത് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 നിർമ്മാണം പൂർത്തിയാക്കിയ ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നില്ല

കടമ്മനിട്ട ജംഗ്ഷനിലും പഞ്ചായത്ത് ഓഫീസിനു പുറകുവശത്തുമായി രണ്ട് ടേക്ക് എ ബ്രേക്ക് ടോയ്ലറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കിയെങ്കിലും ഇവ പൊതുജനത്തിന് തുറന്നുകൊടുത്തിട്ടില്ല. അതിനാൽ ഇവയുടെ ഉദ്ദേശ്യലക്ഷ്യം നിറവേറപ്പെട്ടിട്ടില്ല. ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ടേക്ക് എ ബ്രേക്കിന്റെ വിവരം | ചെലവഴിച്ച തുക |
|---|---|
| ടേക്ക് എ ബ്രേക്ക് - കടമ്മനിട്ട | 444406 |
| ടേക്ക് എ ബ്രേക്ക് - പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ | 534416 |

കടമ്മനിട്ടയിലുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടത്തിൽ വാട്ടർ കണക്ഷൻ ഇല്ല. വെള്ളമില്ലാത്തതിനാലാണ് ഇത് പ്രവർത്തിക്കാത്തതെന്നും പൊതു ടോയ്ലറ്റ് ഇല്ലാത്തത് വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്നും സമീപത്ത് തൊഴിലെടുക്കുന്ന സ്ത്രീകൾ ഭൌതിക പരിശോധനാവേളയിൽ ഓഡിറ്റിനെ അറിയിച്ചു. ഗ്രാമപ്പഞ്ചായത്ത് ഓഫീസ്, മൃഗാശുപത്രി, ആയുർവ്വേദാശുപത്രി, വിഇഒ ഓഫീസ് എന്നീ സ്ഥാപനങ്ങളിൽ വരുന്നവർക്ക് ഉപകരിക്കുമായിരുന്ന ടേക്ക് എ ബ്രേക്ക് അടച്ചിട്ടിരിക്കുന്നതിന് പ്രത്യേക കാരണമൊന്നുമില്ല.

പൊതുജനങ്ങൾക്ക് വൃത്തിയുള്ള പൊതു ശൌചാലയം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ടേക്ക് എ ബ്രേക്ക് പ്രോജക്ടുകൾ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ലക്ഷ്യം നേടിയില്ലെന്നു മാത്രമല്ല, ചെലവഴിച്ച പൊതുപണം പാഴാകുകയും ചെയ്തു. ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങൾ കുടുംബശ്രീ സംവിധാനം മുഖേനയോ മറ്റ് മാർഗ്ഗങ്ങൾ അവലംബിച്ചോ നടത്തിപ്പ് ചുമതല കൈമാറി, ഉത്തരവാദിത്വത്തോടെ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 മരാമത്ത് പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ

### എ) പ്രോജക്ടുകൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി 102പ്രോജക്ടുകളാണ് ആവിഷ്കരിച്ചത്. ഇവയിൽ 71എണ്ണം നടപ്പാക്കി. അവശേഷിച്ച 32പ്രോജക്ടുകളിൽ വകയിരുത്തിയ 8644874 രൂപ ചെലവഴിച്ചില്ല. ഇതിൽ സ്പിൽ ഓവറായ 38 പ്രോജക്ടുകൾക്ക് വകയിരുത്തിയ തുകയും ഉൾപ്പെടുന്നു.

### ബി) കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകൾ

തൻവർഷം ആവിഷ്കരിച്ച ബഹുഭൂരിപക്ഷം പ്രോജക്ടുകളും തീരെക്കുറഞ്ഞ അടങ്കലുള്ളതായിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി അടങ്കൽ | പ്രോജക്ടുകളുടെ എണ്ണം |
|---|---|
| 50000 രൂപയിൽ കുറവ് | 1 |
| 100000 രൂപയിൽ കുറവ് | 8 |
| 100000 മുതൽ 200000വരെ | 27 |
| 200000 മുതൽ 500000 വരെ | 17 |
| 500000 രൂപയിൽ കൂടുതൽ | 11 |

42000 രൂപ വരെ അടങ്കൽ നിശ്ചയിച്ച പ്രോജക്ടുകളും ഉണ്ട്. ചെറുതും ഫലക്ഷമത കുറവുള്ളതുമായ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും അവ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കുകയും ചെയ്യുന്നത് പഞ്ചായത്തിന്റെ ഉത്തമ താത്പര്യത്തിന് അനുഗുണമല്ല. പശ്ചാത്തല മേഖലയിലെ ആവശ്യങ്ങൾ സമഗ്രമായി വിലയിരുത്തി, ദീർഘ വീക്ഷണത്തോടെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനു പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായിക്കണ്ട്, വരും വർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 സ്പിൽ ഓവർ പ്രോജക്ടുകൾ ഉപേക്ഷിച്ചു

2021-22ൽ ആവിഷ്കരിച്ചതും നിർവ്വഹണം പൂർത്തീകരിക്കാൻ സാധിക്കാതെ സ്പിൽ ഓവറായി വന്നതുമായ ചുവടെ പറയുന്ന പ്രോജക്ടുകൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | 79 - മുട്ടിതോട്ടത്തിൽ പടി മടക്കക്കുന്ന് റോഡ് സൈഡ് കെട്ട് ( വാർഡ് 2) | 144222 |
| 2 | 59 - പോസ്റ്റ് ഓഫീസ് മാലയിൽ തടത്തിൽപടി റോഡ് കോൺക്രീറ്റിംഗ് - വാർഡ്- 9 | 89462 |
| 3 | 60 - മുളന്തര ലക്ഷം വീട് കോളനി സ്റ്റെപ്പ് പുനരുദ്ധാരണവും കൈവരി നിർമാണവും - വാർഡ്-7 | 138919 |

മേൽപ്പറഞ്ഞ പ്രോജക്ടുകൾ 2023-24 ലെ വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവ ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുമില്ല. ഇതു സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (23/18.09.2023) നൽകിയതിന് അതിര് തർക്കം ഉള്ളതിനാൽ ക്രമ നം.1ലെ നിർമ്മാണ പ്രവൃത്തി നടത്താൻ സാധിക്കില്ലെന്നും, മറ്റ് രണ്ട് പ്രവൃത്തികൾ മുടങ്ങിപ്പോയെന്നും മറുപടി ലഭ്യമാക്കി.

മുൻവർഷം നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിച്ചത് ശരിയായ നടപടിയല്ല. ചെലവഴിച്ച പണം പാഴാകുന്നതിന് ഇത് ഇടയാക്കും. അതിനാൽ മുടങ്ങിക്കിടക്കുന്ന പ്രസ്തുത പ്രോജക്ടുകൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 പഞ്ചായത്ത് ഡിസ്പെൻസറിയുടെ പ്രവർത്തനം - മുൻവർഷത്തെ ഓഡിറ്റ് പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എംജിസ് അലോപ്പതി ഡിസ്പെൻസറിയുടെ പ്രവർത്തനത്തിലെ പോരായ്മകൾ സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-17ൽ പരാമർശിച്ചിരുന്നു. പ്രസ്തുത ഡിസ്പെൻസറിയിൽ ആഴ്ചയിൽ ഒരു ദിവസം മാത്രം ഡോക്ടർ ജോലിക്ക് ഹാജരാകുന്നത് പൊതുജന താത്പര്യത്തിനും നിലവിലുള്ള നിയമങ്ങൾക്കും വിരുദ്ധമായതിനാൽ, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1) -ാം വകുപ്പ് നിഷ്കർഷിക്കും പ്രകാരം പഞ്ചായത്തിന്റെ അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്നും ഓഡിറ്റിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതിനോ, ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിനോ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു നീക്കവും ഉണ്ടായിട്ടില്ല. ഡിസ്പെൻസറിയിൽ നിലവിൽ വ്യാഴാഴ്ച ദിവസം മാത്രമാണ് ഡോക്ടർ വരുന്നത്. ഡോക്ടർക്ക് സർക്കാർ ഖജനാവിൽനിന്നും, മൂന്ന്

ജീവനക്കാർക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ശമ്പളമായി കാൽ കോടി രൂപയോളം പ്രതിവർഷം ചെലവഴിച്ചിട്ടും യാതൊരു പ്രയോജനവും പൊതുജനത്തിനു ലഭിക്കാത്ത സാഹചര്യം തുടരുന്നു.

2022-23ലെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് ടീം 14.09.2023ൽ ഡിസ്പെൻസറി സന്ദർശിച്ചു. മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, പാർട്ട് ടൈം ജീവനക്കാരൻ എന്നിവർ തദവസരത്തിൽ ഡിസ്പെൻസറിയിൽ ഉണ്ടായിരുന്നു. ആഴ്ചയിൽ ഒരുദിവസം മാത്രമാണ് (വ്യാഴാഴ്ച ഉച്ചവരെ) താൻ ഡിസ്പെൻസറിയിൽ എത്താറുള്ളതെന്ന് ഡോക്ടർ തന്നെ വെളിപ്പെടുത്തുകയുണ്ടായി. താൻ ചാർജ്ജെടുക്കുന്നതിനുമുൻപും ഇതുപോലെയായിരുന്നു ഡിസ്പെൻസറി പ്രവർത്തിച്ചിരുന്നതെന്നും, ഡിസ്പെൻസറിയുടെ പ്രവർത്തനം സംബന്ധിച്ച് യാതൊരു ഉത്തരവും തനിക്ക് ലഭിച്ചിട്ടില്ലെന്നും, ആരോഗ്യ വകുപ്പിൽനിന്ന് ഡെപ്യൂട്ടേഷനിലാണ് താൻ ഡിസ്പെൻസറിയിൽ ജോലി ചെയ്യുന്നതെന്നും ഡോക്ടർ അറിയിച്ചു.

പൊതുജനാരോഗ്യ സ്ഥാപനം എന്ന നിലയിൽ ഡിസ്പെൻസറിയുടെ ഗുണപരമായ പ്രവർത്തനം ഉറപ്പുവരുത്താൻ യാതൊരു നടപടിയും പഞ്ചായത്ത് ഭരണ സമിതി സ്വീകരിച്ചില്ല. ഡിസ്പെൻസറിയിൽ ഡോക്ടറുടെ സേവനം എല്ലാ ദിവസവും ഉറപ്പുവരുത്തണമെന്ന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി 16.02.2023, 08.08.2023 തീയതികളിൽ തീരുമാനം നം. 2(1), 3-(3) മുഖേന പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മറ്റിയിൽ ഇത് ചർച്ചയായില്ല. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്മേൽ നടപടി സ്വീകരിക്കുന്നതിനും ഇതു സംബന്ധിച്ച് ഡോക്ടർക്ക് രേഖാമൂലം നിർദ്ദേശം നൽകുന്നതിനും വിശദീകരണം തേടുന്നതിനും ഭരണ സമിതി വിമുഖത കാട്ടി. കൂടാതെ, ഡോക്ടർ തന്റെ ജോലിയിൽ നിരന്തരമായി വീഴ്ചവരുത്തുന്ന വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഉത്തരവാദിത്വം ഗ്രാമപ്പഞ്ചായത്തിന് ഉണ്ടായിരുന്നു. ഡിസ്പെൻസറിയുടെ പ്രവർത്തനം, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് പഞ്ചായത്തിന് എന്തെങ്കിലും അവ്യക്തതയുണ്ടെങ്കിൽ അത് ദൂരീകരിക്കുന്നതിന് സർക്കാരിനെ സമീപിക്കുകയും ചെയ്യേണ്ടതായിരുന്നു.

സർക്കാരിൽനിന്ന് ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരൻ പൊതുജനാരോഗ്യ സ്ഥാപനത്തിൽ തന്റെ ജോലി നിർവ്വഹിക്കാതിരിക്കുന്ന സാഹചര്യം അത്യന്തം ഗൌരവതരമാണ്. ഇതിന് പഞ്ചായത്ത് മൗനാനുവാദം നൽകിയത് തെറ്റായ നടപടിയാണ്. ഈ വിഷയത്തിൽ ഫലപ്രദമായ തുടർ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-38 സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്

19 -4 -22 ലെ സ ഉ (കൈ )84 /2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ 6.9 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് (6.9.1). പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണേണ്ടതാണ് (6.9 .2 ). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി പരിഷ്കരിക്കേണ്ടതാണ് (6.9.3). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് (6 .9 .6, 6 .9 .7 )എന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു. മാർഗരേഖ അനുശാസിക്കും പ്രകാരമുള്ള സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 24954 | വന്യ മൃഗ ശല്യം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ | 24954 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 77432 | നെൽകൃഷി വികസനം | 77432 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 150000 | സാന്ത്വന പരിചരണം | 150000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 195549 | ലൈഫ് ഭവന പദ്ധതി (എസ്.റ്റി) | 195549 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 260000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 260000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 97158 | അംഗൻവാടി പോഷകാഹാര പരിപാടി | 97158 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 144200 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 144200 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് നിർമ്മാണം | 100000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 78672 | വന്യ മൃഗ ശല്യം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ | 78672 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 150000 | സാന്ത്വന പരിചരണം | 150000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 580000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 580000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 127500 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 127500 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 133544 | അംഗൻവാടി പോഷകാഹാര പരിപാടി | 133544 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | താന്നിക്കൽ കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ (266/23) | 111289/- | 0 | 111289/- |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ - പത്തനംതിട്ട ഡിവിഷൻ (279/23) | 198594/- | 0 | 198594/- |
| | കാലായിൽപടി പാന്തൻപാറ സഖാവ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ (263/23) | 80000/- | 0 | 80000/- |
| | വാഴക്കുന്നം കടമ്മനിട്ട സ്ട്രീറ്റ് ലൈൻ നീട്ടൽ (265/23) | 100000/- | 0 | 100000/- |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ - വാർഡ് 2 (276/23) | 291210/- | 0 | 291210/- |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ - കോഴഞ്ചേരി ഡിവിഷൻ (278/23) | 296878/- | 0 | 296878/- |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ - വാർഡ് 3 (277/23) | 186808/- | 0 | 186808/- |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (223/23) | 49914/- | 0 | 49914/- |
| | മുളന്തര ലക്ഷവീട് കോളനിയിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ (198/23) | 74930/- | 0 | 74930/- |
| | വാഴക്കുന്നം കടമ്മനിട്ട സ്ട്രീറ്റ് മെയിൻ നീട്ടൽ (238/23) | 100000/- | 0 | 100000/- |
| | മധുമല ലക്ഷം വീട് കോളനി സ്ട്രീറ്റ് മെയിൻ നീട്ടൽ (202/23) | 14750/- | 0 | 14750/- |
| | മുളന്തര തടത്തിൽ ചുട്ടിപ്പാറ സെറ്റിൽമെന്റ് കോളനി സ്ട്രീറ്റ് മെയിൻ നീട്ടൽ (199/23) | 24898/- | 0 | 24898/- |
| കേരള വാട്ടർ അതോറിറ്റി | ഋഷികേശ ക്ഷേത്രം - ഈറയക്കൽ റോഡ് പൈപ്പ്ലൈൻ നീട്ടൽ (24/23) | 105075/- | 0 | 105075/- |
| | കൃപാപുരം തളവൻമുരുപ്പ് പൈപ്പ്ലൈൻ നീട്ടൽ (25/23) | 105623/- | 0 | 105623/- |
| | നിരണകാലാപടി മുതുമരം കോളനി തേക്കിനേത്ത് പൈപ്പ്ലൈൻ നീട്ടൽ (31/23) | 105623/- | 0 | 105623/- |
| | പള്ളിപ്പടി ഉണ്ടത്തിൽ ഭാഗം പൈപ്പ്ലൈൻ നീട്ടൽ (16/23) | 106191/- | 0 | 106191/- |

| | | | | |
|---|---|---|---|---|
| | പറയനോലിക്കൽ കൊന്നയ്ക്കൽ ചാങ്ങയിൽ പടി പൈപ്പ്ലൈൻ നീട്ടൽ (21/23) | 110817/- | 0 | 110817/- |
| | കുഴിപതാലിൽ കോട്ടയ്ക്കൽ പടി പൈപ്പ്ലൈൻ നീട്ടൽ (22/23) | 112250/- | 0 | 112250/- |
| | ആമപ്പാറ ചാത്തുക്കാവ് പൈപ്പ്ലൈൻ നീട്ടൽ (23/23) | 112250/- | 0 | 112250/- |
| | പോസ്റ്റോഫീസ് പടി പുളിനിൽക്കു- ന്നതിൽ പടി പൈപ്പ്ലൈൻ നീട്ടൽ (15/23) | 87200/- | 0 | 87200/- |
| | കൊളഞ്ഞികൊമ്പിൽ മാത്തുംപടി പൈപ്പ്ലൈൻ നീട്ടൽ (17/23) | 91400/- | 0 | 91400/- |
| | ജീരകത്തിനാൽ മാവുങ്കൽ റോഡ് പൈപ്പ്ലൈൻ നീട്ടൽ (19/23) | 91809/- | 0 | 91809/- |
| | കാരംവേലി പടി കോളേജ് റോഡ് പൈപ്പ്ലൈൻ നീട്ടൽ (20/23) | 95000/- | 0 | 95000/- |
| | കുളത്തുർപടി പുന്നോൺ ഭാഗം പൈപ്പ്ലൈൻ നീട്ടൽ (32/23) | 101969/- | 0 | 101969/- |
| ഭൂജല വകുപ്പ് | ലക്ഷം വീട് കോളനി ബോർവെൽ മെയിന്റനൻസ് (27/23) | 56000/- | 0 | 56000/- |
| | മാർത്തോമ പള്ളിപടി ബോർവെൽ മെയിന്റനൻസ് (26/23) | 8500/- | 0 | 8500/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 5605631/- | 4021627/- | 1099938/- | - | 2921689/- |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ പരാമർശം ഒന്നും ഉൾപ്പെട്ടിട്ടില്ല. ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 3 | മൗണ്ട് സിയോൺ എഞ്ചിനീയറിംഗ് കോളേജ് & ലോ കോളേജ്- വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തില്ല, പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 3 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർനിർണ്ണയിച്ചില്ല, പഞ്ചായത്തിന് വരുമാന നഷ്ടം | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-4 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി പിരിവിൽ കുടിശ്ശിക നിലനിൽക്കുന്നു | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നികുതി ഈടാക്കുന്നു | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77585788 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82370701 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 (വരവ്) | എൽ.എഫ്.പിറ്റിഎ-പി11/352/08 തീയതി 29.4.2009 | എല്ലാ ഖണ്ഡികകളും |
| 1996-97 (ചെലവ്) | എൽ.എഫ്.പിറ്റിഎ-പി3/9/98 തീയതി 9.10.2000/ 27.2.2021 | 2 |
| 1997-98 (ജ.ആ) | എൽ.എഫ്.പിറ്റിഎ-പി3/316/99 തീയതി 10.1.2000 | 5 |
| 1997-98 (ചെലവ്) | എൽ.എഫ്.പിറ്റിഎ-പി3/473/98 തീയതി 4.2.1999 | 3 |
| 1999-00 (വരവ്) | എൽ.എഫ്.പിറ്റിഎ-പി11/460/09 തീയതി 16.3.2010 | 1 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ-പി3/353/02 തീയതി 13.11.2002 | 17 |
| 2005-06 | എൽ.എഫ്.പിറ്റിഎ-പി11/116/09 തീയതി 18.11.2009 | 1 |
| 2006-07 | എൽ.എഫ്.പിറ്റിഎ-പി6/231/12 തീയതി 15.5.2012 | 3 |
| 2007-08 | എൽ.എഫ്.പിറ്റിഎ-പി6/232/12 തീയതി 14.5.2012 | 2 |
| 2008-09 | എൽ.എഫ്.പിറ്റിഎ-പി6/234/12 തീയതി 14.5.2012 | 1 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.പിറ്റിഎ-പി6/235/12 തീയതി 26.5.2012 | 5 |
| 2010-11 & 2011-12 | എൽ.എഫ്.പിറ്റിഎ-പി12/967/13 തീയതി 17.1.2014 | 15 |
| 2012-13 | എൽ.എഫ്.പിറ്റിഎ-പി5/116/15 തീയതി 4.5.2015 | 4 |
| 2013-14 & 2014-15 | കെ.എസ്.എ.പിറ്റിഎ-പി12/310/16 തീയതി 22.3.2016 | 7 |
| 2015-16 | കെ.എസ്.എ.പിറ്റിഎ-പി12/1453/16 തീയതി 20.1.2015 | 14 |
| 2016-17 | കെ.എസ്.എ.പിറ്റിഎ-പി3/815/17 തീയതി 18.7.2017 | 7 |
| 2017-18 | കെ.എസ്.എ.പിറ്റിഎ-പി5/1376/18 തീയതി 24.10.2018 | 9 |
| 2018-19 | കെ.എസ്.എ.പിറ്റിഎ-പി5/1004/19 തീയതി 7.1.2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പിറ്റിഎ-പി5/605/21 തീയതി 29.9.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പിറ്റിഎ-പി5/606/21 തീയതി 29.9.2021 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.പിറ്റിഎ-പി5/120/23 തീയതി 21.2.2023 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 27-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the NARANGANAM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of NARANGANAM Grama Panchayat for the year 2022-2023

Date: 30/09/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of NARANGANAM Grama Panchayat for the Year 2022-2023.

**1.Major Observations**

-NIL-

**2.Other Observations**

1. Notes on significant accounting policies, basic ratios, etc. as prescribed in Rule 62 of Kerala Panchayat Raj Accounting Rules 2011 are not included with the annual accounts.
2. The total cash flow for the year in the cash flow statement does not match the amount added as the difference between the opening balance and the closing balance in the same statement.
3. Property tax demand, collection and balance amounts as per annual financial statements does not match with amounts as per sanchaya software.
4. Lapses is making timely and accurate demand entries in reflect of tax and Non-tax revenue.

5. The accuracy of the balance recorded under the item Capital Work in Progress in Schedule B-11(b) could not been ascertained due to lack of relevant documents.
6. The balance shown in Schedule B-4 under Beneficiary Share does not match with actual amount.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്